LIBRARY ARCHIVES Kerala Legislative Assembly

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൗജന്യമായി ലാപ് ടോപ്പ്

273 (4264) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൗജന്യമായി ലാപ് ടോപ്പ് നൽകുന്ന പദ്ധതി പ്രകാരം 2013-14, 2014-15 വർഷത്തിൽ എത്ര വിദ്യാർത്ഥികൾക്കാണ് ലാപ് ടോപ്പ് വിതരണം ചെയ്തത്; ഈയിനത്തിൽ എത്ര തുകയാണ് ചെലവിട്ടത്?

ഉത്തരം

2013-14 സാമ്പത്തിക വർഷം 300 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം ചെയ്തിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം ടി പദ്ധതി നടപ്പാക്കുന്നതിന്റെ നടപടി അവസാന ഘട്ടത്തിലാണ്. ടി പദ്ധതിക്കായി 2013-14 സാമ്പത്തികവർഷം 1,30,39, 852 രൂപ ചെലവഴിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം ടി പദ്ധതി നടപ്പാക്കുന്നതിനായി 1.29 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പ്രീ മെട്രിക് ഹോസ്റ്റലുകളുടെ പശ്ചാത്തല സൗകര്യ വികസനം

274 (4265) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ ക്ഷേമ വകുപ്പിൻകീഴിലെ പ്രീമെട്രിക് ഹോസ്റ്റലുകളുടെ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി 2014-15 സാമ്പത്തിക വർഷം എത്ര തുക വകയിരുത്തിയിട്ടുണ്ട് ;

(ബി) കണ്ണൂർ ജില്ലയിലെ കോളയാട് പ്രവർത്തിക്കുന്ന പട്ടികവർഗ്ഗ വിഭാഗം പെൺകുട്ടികൾക്കുള്ള പ്രീമെട്രിക് ഹോസ്റ്റലിൽ എൺപതോളം കുട്ടികൾക്ക് ആവശ്യമായ വിധത്തിൽ ശുചി മുറികൾ ഇല്ല എന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(സി) പ്രസ്തുത ഹോസ്റ്റലിൽ ശുചിമുറികളും കുളിമുറികളും നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ, പ്രസ്തുത ഹോസ്റ്റലിൽ ശുചിമുറികളും കുളിമുറികളും നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കുവാനും ഈ സാമ്പത്തികവർഷം തന്നെ ഭരണാനുമതി നൽകുവാനും നടപടി സ്വീകരിക്കുമോ ?